# അക്കാദമിക് മാസ്റ്റർ പ്ലാൻ

ST. RAPHAEL'S U P S KALLUR

# 2025 - '26

# ഉള്ളടക്കം

1. ആമുഖം

2. വിദ്യാലയത്തിന്റെ ലഘുചരിത്രം

3. അടിസ്ഥാന വിവരങ്ങൾ

4. വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രധാനപ്രതിസന്ധികൾ

5. പൊതുലക്ഷ്യങ്ങൾ

6. പദ്ധതി വിശകലനങ്ങൾ

7. ഉപസംഹാരം

# ST. RAPHAEL'S U P S KALLUR

## ആമുഖം

ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റി അയൽപക്ക സമൂഹത്തിലെ വിദ്യാർത്ഥികളെല്ലാം അവിടെ എത്തിചേരുകയും ചെയ്താൽ മാത്രമേ പൊതു വിദ്യാലയങ്ങൾ സമൂഹത്തിലെ ആകർഷണ കേന്ദ്രങ്ങളായി മാറുകയുള്ളൂ. ഞങ്ങളുടെ കുറവുകളെ നിറവുകളാക്കി മാറ്റുന്നതിനായുള്ള ഈ യജ്ഞത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളുടെ രൂപരേഖയാണിത്.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

മുകുന്ദപുരം താലൂക്കിലെ കല്ലൂർ വില്ലേജിൽ തൃക്കൂർ പഞ്ചായത്തിലെ പള്ളിക്കുന്ന് ദേശത്ത് സെന്റ് റാഫേൽസ് യു.പി സ്കൂൾ സ്ഥിതിചെയ്യുന്നു.കല്ലൂർ കിഴക്കെ പള്ളിയുടെ ഉടമസ്ഥതയിലുള്ള ഈ വിദ്യാലയം 1953 ൽ സ്ഥാപിതമായി. 5,6,7 എന്നീ ക്ലാസ്സുകളിലായി 120 വിദ്യാർത്ഥികൾ പഠനം നടത്തുന്നു. പ്രധാനാധ്യാപകൻ ഉൾപ്പെടെ 6 അധ്യാപകർ ജോലി ചെയ്യുന്നു.

ജാതിമതഭേദമന്യേയുള്ള കർഷകർ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ് കിഴക്കെ കല്ലൂർ. ഈ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശം പള്ളിക്കുന്ന് എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. വന്യമൃഗങ്ങൾ നിർഭയം വസിച്ചിരുന്ന വള്ളിക്കൂട്ടങ്ങൾ വെട്ടിതെളിയിച്ച് ജനവാസയോഗ്യമാക്കി. വി.റപ്പായേൽ മാലാഖയുടെ നാമധേയത്തിൽ ദേവാലയം സ്ഥാപിതമായതിനെ തുടർന്ന് പഴയവള്ളിക്കുന്ന്, പള്ളിക്കുന്ന് എന്ന പേരിൽ അിറയപ്പെടാൻ തുടങ്ങി.

ഈ പ്രദേശത്തെ കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞാൽ പരമ്പരാഗതമായി കൃഷിപ്പണിയിലേക്ക് തിരിയുകയായിരുന്നു പതിവ്. പള്ളിക്കൂടങ്ങളുടെ പ്രാണ പ്രിയൻ എന്ന അപരനാമത്തിൽ

അറിയപ്പെടുന്ന റവ.ഫാ.ആർ ജോൺ ചിറയത്ത് അവർകൾ കല്ലൂരിന്റെ നാഡിമിടിപ്പ് മനസ്സിലാക്കി പ്രവർത്തിച്ചതിന്റെ ഫലമായാണ് ഇന്ന് കാണുന്ന സെന്റ് റാഫേൽസ് യു.പി. സ്കൂൾ ഉണ്ടായത്.ജനാഭിലാഷ പ്രകാരം റവ.ഫാ. ജോൺ ചിറയത്ത് സർക്കാരിൽ നിന്നും അനുവാദം വാങ്ങി. 1-6-1953 ൽ ഇന്നുകാണുന്ന സ്കൂളിന് ഭദ്രദീപം കൊളുത്തി, 35 വിദ്യാർത്ഥികളും ഒരു അധ്യാപകനുമായി (ശ്രീ. സി.കെ. പോൾ) സ്കൂളിന്റെ ജൈത്രയാത്ര തുടങ്ങി. പോൾമാസ്റ്റർ, റെജീന ടീച്ചർ, ജോയ് മാസ്റ്റർ, മറിയം ടീച്ചർ, വർഗ്ഗീസ് മാസ്റ്റർ, മേഴ്സി ടീച്ചർ, ഫ്ളോറൻസ് ടീച്ചർ, ഫ്രാൻസീസ് മാസ്റ്റർ, ജെസി ടീച്ചർ ,ഷീല ടീച്ചർ എന്നീ പ്രധാന അധ്യാപകരുടെ മേൽനോട്ടത്തിൽ പഠനം നടത്തി വന്നിരുന്നു.ഇപ്പോൾ ഈ വിദ്യാലയത്തിന്റെ സാരഥി ശ്രീ.ജോഷി മാസ്റ്റർ ആണ് . ചിട്ടയായ പഠനരീതി, വിദ്യാഭ്യാസതലത്തിൽ സർക്കാർ ആവിഷ്കരിക്കുന്ന നൂതനപരിപാടി നടപ്പാക്കൽ എന്നിവക്കുപുറമെ നല്ലൊരു ലൈബ്രറി, ലാബ്, സ്പോർട്ട്സ് ഉപകരണങ്ങൾ, ദൃശ്യശ്രാവ്യ ബോധന ഉപകരണങ്ങൾ എന്നിവയും ഈ വിദ്യാലയത്തിന് ഒരു മുതൽക്കൂട്ടാണ്.റവ.ഫാ.ജോയ് കൊള്ളന്നൂർ മാനേജരായി പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ ശ്രീ. ഷൈജു കാവിൽ പി.ടി.എ പ്രസിഡണ്ടായുള്ള അധ്യാപക രക്ഷാകർതൃസമിതിയും ശ്രീമതി.ബിന്ദു മണികണ്ഠൻ പ്രസിഡന്റായുള്ള എം.പി.ടി.എ.യും സജീവമായി പ്രവർത്തിച്ചുവരുന്നു.

## വിദ്യാലയത്തിലെ മൊത്തം കുട്ടികളുടെ എണ്ണം (2025-26)

| ക്ലാസ്സ് | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|
| V | 35 |
| VI | 46 |
| VII | 38 |
| Total Students | 119 |

## ജീവനക്കാരുടെ എണ്ണം

| | |
|---|---|
| HM | 1 |
| UPST | 4 |
| Jr. Hindi | 1 |
| Non-teaching staff | 1 |

## വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രധാനപ്രതിസന്ധികൾ

- ഒരു അപ്പർപ്രൈമറി മാത്രമായി നിലകൊള്ളുന്നു എന്നതാണ് ഈ വിദ്യാലയത്തിന്റെ പ്രധാനപ്രശ്നം
-
- 1 മുതൽ പ്ലസ്ടു വരെയുള്ള വിദ്യാലയങ്ങളിൽ ചേരാൻ ഭൂരിഭാഗം വിദ്യാർത്ഥികളുടെ രക്ഷിതാക്കളും ആഗ്രഹിക്കുന്നതിനാൽ 5,6,7 ക്ലാസുകൾ മാത്രമുള്ള ഈ വിദ്യാലയത്തിലേക്ക് കുട്ടികളെ ആകർഷിക്കാൻ പാടുപെടേണ്ടിവരുന്നു.
-
- ലാബോറട്ടറി റൂമിന്റെ അപര്യാപ്ത
-
- റീഡിംഗ് റൂമിന്റെ കുറവ്
-
- സ്പെഷലിസ്റ്റ് അധ്യാപകരുടെ അപര്യാപ്തത

## അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : സെന്റ് റാഫേൽസ് യു.പി.എസ്. കല്ലൂർ

വിഭാഗം : എയ്ഡഡ് യു.പി. സ്കൂൾ

ഫോൺ : 9847841487

| | |
|---|---|
| വിദ്യാഭ്യാസ ജില്ല | : തൃശ്ശൂർ |
| ഉപജില്ല | : ചേർപ്പ് |
| BRC | : കൊടകര |
| CRC | : GLPS, തൃക്കൂർ |
| ഗ്രാമപഞ്ചായത്ത് | : തൃക്കൂർ |
| ലോകസഭാ മണ്ഡലം | : തൃശ്ശൂർ |
| നിയമസഭാമണ്ഡലം | : പുതുക്കാട് |
| ഇ.മെയിൽ | : straphaelsupseastkallur@gmail.com |

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയതലങ്ങളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക

- കുട്ടിയുടെ കഴിവ്, കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗ്ഗപരമായ എല്ലാകഴിവുകളും വികസിപ്പിക്കുന്ന തരത്തിൽ സമഗ്രവികസനം ലക്ഷ്യമാക്കുക വഴി യാഥാർത്ഥ

വിദ്യാഭ്യാസ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുക .

- പാഠ്യേതരമികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കുക.

- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക. മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക.

- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക.

- പ്ലാസ്റ്റിക്-മുക്ത,കീടനാശിനി-മുക്ത,ലഹരി-മുക്ത കാമ്പസുകൾ സൃഷ്ടിക്കുക.

- സ്കൂൾതലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുക

# തനതുപ്രവർത്തനങ്ങൾ

## "കൂടെ"

പല കാരണങ്ങളാലും ഭാഷാശേഷി കൈവരിക്കാത്ത വിദ്യാർത്ഥികൾക്കായി വിദ്യാലയം "കൂടെ" ഒരുക്കിയിരിക്കുന്നു .ഓരോ ദിവസവും ഒരക്ഷരം പരിചയപ്പെടുത്തുന്നു. ചിത്രങ്ങളിലൂടെ വാക്കുകൾ കണ്ടെത്തുന്നു . ആ വാക്കുകൾ ഉൾപ്പെടുന്ന വാചകങ്ങൾ പരിചയപ്പെടുത്തുന്നു .

## വായന അരങ്ങ്

തലേ ദിവസം വായിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന പാഠഭാഗങ്ങൾ തെരെഞ്ഞെടുത്തു വിദ്യാർത്ഥികൾക്ക് വായിക്കാൻ അവസരം നൽകുന്നു . തെറ്റുകൂടാതെ സ്ഫുടതയോടെ വായന നടത്തുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം നൽകുന്നു . ഇംഗ്ലീഷ് ഹിന്ദി തുടങ്ങിയ ഭാഷ വിഷയങ്ങൾക്കും ഈ പ്രവർത്തനം നടത്തുന്നു . "കൂടെ" പ്രവർത്തനത്തിൽ ഉൾപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരിക്കൽ അവർ വായിക്കുന്ന പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് അസ്സെംബ്ലിയിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു .

## ഇടവേളകൾ പഠനത്തിന്

ലഭ്യമാകുന്ന ഇടവേളകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികൾക്ക് അവർക്കു ഉപകാരപ്പെടുന്ന രീതിയിൽ ഭാഷ വിഷയങ്ങളിലെയും ഭാഷേതര വിഷയങ്ങളിലെയും ആശയങ്ങൾ കവിതകളായും ചൊല്ലുകളായും ഉച്ചഭാഷിണിയിലൂടെ കേൾക്കാൻ അവസരം നൽകുന്നു .

യുപി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്ന ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ - ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്. |
| | Follow me if you can:- ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു | ആഗസ്റ്റ് - സെപ്റ്റംബർ. | " | |
| | Missing Man:- അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത ശേഷം കുട്ടികളെ കേൾപ്പിക്കുന്നു അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് ആ ഭാഗം മറ്റു കുട്ടികൾക്ക് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ഒക്ടോബർ - നവംബർ | " | |
| ഭാവാത്മകമായ വായന പരിശീലിപ്പിക്കുന്നു | Reader of the month:- ഇംഗ്ലീഷ് ദിനപത്രം വായിക്കാൻ അവസരം നൽകി Reader of month നെ ആദരിക്കുന്നു. | മാസം തോറും | കുട്ടി, അധ്യാപകരും. | |

| | | | | |
|---|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | Run Baby Run :- ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം എഴുതി തീർന്ന ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു | ഡിസംബർ - ജനുവരി. | ഇംഗ്ലീഷ് അധ്യാപകർ. | |
| | Fun time Funda :- കടംകഥകൾ, കുസൃതിചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | Weekly | " | |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp :- ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5, 6, 7. ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു<br>കഥാപറച്ചിൽ, കഥയെഴുത്ത്, Role play, നാടകം, fancy dress, ഡോക്യുമെന്ററി, ഫിലിംഷോ മുതലായവ ഉൾക്കൊള്ളിക്കാവുന്നതാണ് | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ<br>PTA, ഭാരവാഹികൾ<br>രക്ഷിതാക്കൾ. | |

മേഖല UP ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങളിൽ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |
| ഗണിതമേഖലയിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ. | ഗണിത ശിൽപ്പശാല<br>വിദ്യാർത്ഥികളുടെ കഴിവുകൾ വികസിപ്പിക്കുന്ന രീതിയിൽ ഗണിത ചാർട്ടുകൾ - നമ്പർ ചാർട്ട്, ജ്യാമിതീയ ചാർട്ട്, പസിൽ ഗെയിം - എന്നിവയിൽ പരിശീലനം നൽകുന്നു. | ജൂലൈ ആഗസ്റ്റ് സെപ്റ്റംബർ | ഗണിത അധ്യാപകർ | |
| ഗണിതപ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ്<br>വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | ആവശ്യാനുസരണം | | |
| ഗണിതം മധുരമാക്കൽ | ഗണിത പൂന്തോട്ടം<br>ഗണിത രൂപങ്ങൾ വരത്തക്ക രീതിയിൽ പൂന്തോട്ടം നിർമ്മിക്കുന്നു. | ഒരു വർഷം | | |

## യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിച്ച് നേടിയെടുക്കൽ. | അന്തർദേശീയ തലം മുതൽ ജില്ലാ തലം വരെയുള്ള നദികൾ ഭൂപ്രകൃതി, പൈതൃകസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് memory Test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ വിദ്യാർത്ഥികളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സഹജീവികളോട് സദ്ഭാവന വളർത്തിയെടുക്കൽ. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, വ്യക്തികൾ എന്നിവ സന്ദർശിച്ച് അവർക്ക് സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സമാഹരിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം | അധ്യാപകർ | സാമൂഹ്യ-ശാസ്ത്ര ക്ലബ്ബ് |

മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പഠിതാവിൽ വായനാശീലം വളർത്തുക [വായന ലഹരിയാക്കി മാറ്റുക] | ബി.ആർ.സി യിൽ നിന്നും മറ്റും കിട്ടിയിട്ടുള്ള വായനാകാർഡ് നൽകി വായനയുടെ ലോകത്തേക്ക് പഠിതാക്കളെ കൂട്ടിക്കൊണ്ടുപോകുന്നു. | ജൂൺ മുതൽ സെപ്തംബർ വരെ | മലയാളം അധ്യാപകർ | |
| 2. വായനാശീലം പഠിതാക്കളിൽ വർദ്ധിപ്പിക്കാൻ | പത്രവാർത്തയുടെ ലോകത്തേക്ക്:- പഠിതാക്കൾ എല്ലാദിവസവും പത്ര വാർത്തകൾ [5 എണ്ണം] കണ്ടെത്തി എഴുതി അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | മലയാളം അധ്യാപകർ | |

മേഖല :- യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | വായനയുടെ ലോകത്തേക്ക് :- ചെറിയ ബാലമാസികകൾ, വായനാകാർഡുകൾ എന്നിവ പരിതാക്കൽ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു. | ജൂൺ മുതൽ നവംബർ വരെ | മലയാളം അധ്യാപകർ | |
| | അക്ഷരത്തിൽ നിന്നും വാക്കുകളിലേക്ക്, വാക്കുകളിൽനിന്നും വാക്യത്തിലേക്ക്. അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ഡിസംബർ മുതൽ മാർച്ച് വരെ | മലയാളം അധ്യാപകർ | |

മേഖല : യു.പി.സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | വിസ്മയ വാനയാത്ര. ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | PTA സയൻസ് ക്ലബ്ബ് |
| 2. ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്രോത്സവം - പ്രദർശനം. ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പതിപ്പുകൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

മേഖല :- യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ശാസ്ത്ര വിസ്മയ ചുമർ പത്രിക.<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ പത്രിക ഓരോ ക്ലാസ്സിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ്<br>PTA |
| | ശാസ്ത്ര ലൈബ്രറി<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3. ഗവേഷണോത്സുകത പ്രതിഭാശാലികളിൽ വർദ്ധിപ്പിക്കൽ | Atal Tinkering Laboratary, Vijna-Sagar Science and Technology Park എന്നിവ പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

| क्रमिक संख्या | कार्यक्रम | गतिविधि | अवधि | भौतिक सामग्रियाँ | सहायता |
|---|---|---|---|---|---|
| 1. | यु. पी स्तर के सभी बच्चों में अक्षर, शब्द एवं आशयों को प्रदान करना। | • अक्षर लिखना<br>• मात्रा लगाना<br>• अक्षर कार्ड, शब्द कार्ड<br>• कक्षा में अक्षरमाला का प्रदर्शन करना<br>• वाक्य संरचना<br>• चित्रों कि सहायता से शब्दों को समझना | जून से अगस्त | अक्षर - चार्ट, पाठ - पुस्तक, चित्र | |
| 2. | घर एक प्रयोगशाला घर में इस्तेमाल करनेवाले | घर में उपयोग करनेवाले घरेलू चीजों की नाम का एक चार्ट हिंदी में लिखना | सितंबर से अक्तूबर | हिंदी शब्दकोश | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 3. | वस्तुओं के नाम हिंदी में पढ़ना<br><br>आशयों को सही रूप में यानी गलती के बिना प्रकट करना | • ICT की सहायता से वस्तुओं के नाम एवं शब्दों को सीखने का अवसर देना।<br><br>• हिंदी असंबली (Assembly)<br>• सितंबर 14, जनवरी 10 जैसे महत्वपूर्ण दिनों का आचरण।<br>• क्लास लैब्ररी<br>• अतिरिक्त वाचन की सामग्रियाँ<br>• चित्रों की सहायता से कहानी पढ़ना एवं समझना<br>• चित्रों को नाम देना<br>• कहानी को आगे बढ़ाना<br>• कविता में पंक्तियाँ जोड़ना<br>• हिंदी मंच की कारवाइयाँ। | नवंबर से फरवरी | पुस्तकें | |

## ഉപസംഹാരം

വിദ്യായത്തിലെത്തിച്ചേരുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം, തുല്യ അവസരങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ഉറപ്പാക്കാൻ, മാറ്റപ്പെടേണ്ട സാഹചര്യങ്ങളും അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമാണ് ഈ പ്ലാനിലൂടെ വിദ്യാലയം തയ്യാറാക്കിയിരിക്കുന്നത്. അധ്യാപകരും രക്ഷാകർത്താക്കളും പൊതുസമൂഹവും വിവിധ കൂട്ടായ്മകളും പൂർവ്വ-വിദ്യാർത്ഥികളും ഈ ഉദ്യമത്തെ പിന്തുണയ്ക്കുമെന്ന പ്രതീക്ഷയോടെ കല്ലൂർ സെന്റ് റാഫേൽസ് യു.പി. സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ ഞങ്ങൾ സമർപ്പിക്കുന്നു.